"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡി.ബി 3/753/12/സിഇ/തസ്വഭവ

തീയതി : 26.07.2016

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

ഗവൺമെന്റ് സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ - തളിപ്പറമ്പ് നിയോജകമണ്ഡലം പരിധിയിൽ തകർന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിനായി Instant Road Repair Mix ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ കത്ത് നം. 738065/2016/M-LSGD തീയതി 20/07/2016.

സൂചന പ്രകാരം തളിപ്പറമ്പ് നിയോജകമണ്ഡലം പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ മഴക്കെടുതി മൂലം തകർന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ Instant Road Repair Mix ആയ Road Bond ഉപയോഗിച്ച് ചെയ്യുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരുന്നു. ടി വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ബഹു. തദ്ദേശ സ്വയംഭരണ & ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ഒരു പരീക്ഷണാടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ Road Bond Repair ചെയ്യുന്നതിന് ഉപയോഗിക്കുന്നതിനായി തളിപ്പറമ്പ് നിയോജകമണ്ഡലം പരിധിയിൽ വരുന്ന കുറുമാത്തൂർ, പരിയാരം, തളിപ്പറമ്പ്, മയ്യിൽ, കോളച്ചേരി, കുറ്റ്യാട്ടൂർ, മലപ്പട്ടം എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ പ്രകാരം ഉപയോഗിക്കുമ്പോൾ Pot-hole -ൽ Emulsion RS 1 ഉപയോഗിച്ച് Tack coat ചെയ്തതിനുശേഷം മാത്രമേ Road Bond ഉപയോഗിക്കുവാൻ പാടുള്ളൂ.

നിലവിൽ Hot Mix Plant ഉപയോഗിച്ച് ടാർ ഉരുക്കി മെറ്റലുമായി മിക്സ് ചെയ്യുന്ന Hot Mix Tarring Process ഉപയോഗിച്ചാണ് ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്നത്. Hot Mix Plant ഉപയോഗിക്കുന്നത് വളരെയധികം അന്തരീക്ഷമലിനീകരണം ഉണ്ടാകുന്നതിന് കാരണമാകുന്നു. Hot Mix Plant-ന്റെ ഉപയോഗമില്ലാതെ ടാർ ഉരുക്കാതെ തന്നെ ടാറിംഗ് പ്രവൃത്തികൾ ചെയ്യാൻ കഴിയുന്ന രീതിയാണ് Cold Mix Tarring Process. Cold Mix Tarring Process ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ ചെയ്യാൻ കഴിയുന്ന

ബിറ്റുമിൻ ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. Hot Mix Plant ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും, Hot Mix Plant ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അന്തരീക്ഷമലിനീകരണം തടയുന്നതിനും Cold Mix Tarring Process ഫലപ്രദമാണ്. ടി ടാറിംഗ് രീതി ഉപയോഗിച്ച് താരതമ്യേന ഈർപ്പമുള്ള പ്രതലത്തിലും ടാറിംഗ് പ്രവൃത്തി ചെയ്യാൻ കഴിയുന്നതാണ്. Hot Mix Plant സ്ഥാപിക്കാൻ സ്ഥലസൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിലും, ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ അന്തരീക്ഷമലിനീകരണം ഒഴിവാക്കിക്കൊണ്ട് ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിന് അനുയോജ്യമാണ്. ടി Process ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള റോഡുകൾ Hot Mix Process ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള റോഡുകളുടെ അതേ നിലവാരം നൽകുന്നതായി കാണുന്നു. നിലവിൽ Cold Mix Tarring Process-ന് ഉപയോഗിക്കുന്ന ടാർ ഇനം, Instant Road Repair Mix-ന് ഉപയോഗിക്കുന്ന ഇനങ്ങളും IRC Specification-ൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ആയതിനാൽ ടി ഇനങ്ങൾ ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതി കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ചീഫ് എൻജിനീയർ

ഉള്ളടക്കം:- സൂചന

S1173

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

തീയതി: 25.07.2016

നം: ഡിബി3/4620/12/സിഇ/തസ്വഭവ

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

പ്രസിഡന്റ്,
കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- തസ്വഭവ - തളിപ്പറമ്പ് നിയോജകമണ്ഡലം പരിധിയിൽ തകർന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിനായി Instant Road Repair Mix ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ കത്ത് നം. 738065/2016/M-LSGD തീയതി 20/07/2016.

സൂചന പ്രകാരം തളിപ്പറമ്പ് നിയോജകമണ്ഡലം പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ മഴക്കെടുതി മൂലം തകർന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ Instant Road Repair Mix ആയ Road Bond ഉപയോഗിച്ച് ചെയ്യുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരുന്നു. ടി വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ബഹു. തദ്ദേശ സ്വയംഭരണ & ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. ഒരു പരീക്ഷണാടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ Road Bond, Repair ചെയ്യുന്നതിന് ഉപയോഗിക്കാവുന്നതാണ്. മേൽ പ്രകാരം ഉപയോഗിക്കുമ്പോൾ Pothole-ൽ Emulsion RS 1 ഉപയോഗിച്ച് Tack coat ചെയ്തതിനുശേഷമേ Road Bond ഉപയോഗിക്കുവാൻ പാടുള്ളൂ. ഇതിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ഉപയോഗിക്കാവുന്നതാണ്. ബഹു. എം.എൽ.എ-യുടെ ഇത് സംബന്ധിച്ച കത്ത് സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുള്ളതാകുന്നു.

വിശ്വസ്തതയോടെ,

25/7/16

ചീഫ് എൻജിനീയർ

S1161